# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

നമ്പർ: പി.ആർ.(1)05/2021/ഗ.വി./16 തിരുവനന്തപുരം

18.01.2021

## പ്രസിദ്ധീകരണത്തിന്

### പൊതുപ്രാഥമിക പരീക്ഷാ തീയതി നിശ്ചയിച്ചു

എസ്.എസ്.എൽ.സി. വരെ വിദ്യഭ്യാസ യോഗ്യതയുള്ള തസ്തികകളുടെ പൊതു പ്രാഥമിക പരീക്ഷാ തീയതിയായി. നാല് ഘട്ടങ്ങളിലായാണ് പരീക്ഷ നിശ്ചിയിച്ചിട്ടുള്ളത്. 2021 ഫെബ്രുവരി 20, 25, മാർച്ച് 6, 13 എന്നീ തീയതികളിലാകും പരീക്ഷകൾ നടക്കുക. ഉദ്യോഗാർത്ഥികൾക്ക് ഫെബ്രുവരി 10 മുതൽ അഡ്മിഷൻ ടിക്കറ്റുകൾ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാനാകും. പരീക്ഷാ തീയതി, പരീക്ഷാ സമയം, പരീക്ഷാ കേന്ദ്രം എന്നിവയുടെ വിശദാംശങ്ങൾ അഡ്മിഷൻ ടിക്കറ്റിൽ ലഭിക്കും. പരീക്ഷയുടെ സിലബസ് നേരത്തെതന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2020 ൽ വിജ്ഞാപനം ചെയ്ത് ഇതേ യോഗ്യതയുള്ള തസ്തികകൾ കൂടി ഈ പൊതുപ്രാഥമിക പരീക്ഷയിൽ ഉൾപ്പെടും. അതാത് തസ്തികയ്ക്ക് വേണ്ടിയുള്ള പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് രണ്ടാംഘട്ട പരീക്ഷ നടത്തും. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനാൽ പരീക്ഷാനടത്തിപ്പ് സംബന്ധിച്ച് സർക്കാരുമായി കൂടിയാലോചിച്ചതിനുശേഷം ഇന്ന് (18.01.2021) ചേർന്ന കമ്മിഷൻ യോഗത്തിലാണ് പരീക്ഷാ തീയതികൾ നിശ്ചയിച്ചത്.

**സുരേശൻ എം.**
പബ്ലിക് റിലേഷൻസ് ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ